LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയതിന്റെ നിജസ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ?

നാളിതുവരെ 705 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 23,624 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ത്രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പാലാ മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പാലാ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ത്രൂപരിധിയിലും സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന-വേതന വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന-വേതന വ്യവസ്ഥകൾ 1969-ലെ കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും.

തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

168 (553) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 7 മിനി വ്യവസായ എസ്റ്റേറ്റുകളും വേളി വ്യവസായ വികസന ഏരിയയും മൺവിള വ്യവസായ വികസന പ്ലോട്ടും നിലവിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 1 വ്യവസായ എസ്റ്റേറ്റും 4 മിനി വ്യവസായ എസ്റ്റേറ്റുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിക്കുമോ?

പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 384 വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയ ശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ എത്രയെന്ന് വ്യക്തമാക്കാമോ?

ഭൂമി അനുവദിച്ചുകിട്ടിയതിനുശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ 11 എണ്ണം ഉണ്ട്.

(ഡി) വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് പ്രവർത്തിപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് 32 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല.

ഭക്ഷ്യ സംസ്കരണ വ്യവസായം

169 (554) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ വ്യവസായവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിപുലമായ സാദ്ധ്യതകളാണ് നിലവിലുള്ളതെന്നതിനാൽ ഇത് ഫലപ്രദമായി നവസംരംഭകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസംസ്കരണം നടത്തി വിപണിയിൽ എത്തിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ?

കേരളത്തിലും പുറത്തും പ്രവർത്തിച്ചുവരുന്ന വിവിധ ഭക്ഷ്യ സംസ്കരണ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളിലെ ഇൻകുബേഷൻ സൗകര്യം ഫലപ്രദമായി ഉപയോഗിക്കാനുള്ള സഹായം സംരംഭകർക്ക് നൽകി വരുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിംഗ് ചെന്നൈ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന പാക്കിംഗ്, ബ്രാൻഡിംഗ് തുടങ്ങിയവ ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നു. ഇതുകൂടാതെ പാക്കിംഗ്, സംസ്കരണം മുതലായ മേഖലകളിലെ നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്താൻ സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോ നടത്തിവരുന്നു. ഇതിന് പുറമേ ജില്ലകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി എം.എസ്.എം.ഇ. എക്സിബിഷനും സംസ്ഥാന തലത്തിൽ ഭക്ഷ്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ ഫുഡ് പ്രോ എക്സിബിഷനും നടത്തി വരുന്നു. ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത

LIBRARY ARCHIVES Kerala Legislative Assembly